പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 4*** 12.01.2021 ൽ മറുപടിക്ക്

**സ്പ്രിംക്ലർ കമ്പനിയുമായുള്ള കരാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . എം. വിൻസെൻറ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്പ്രിംക്ലർ എന്ന അമേരിക്കൻ കമ്പനിയുമായി ഡേറ്റ അനാലിസിസിനായി കരാറിൽ ഒപ്പ് വച്ചിരുന്നോ; | (എ) | സൗജന്യമായി വാഗ്ദാനം ചെയ്ത പ്രസ്തുത സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ നിയമപരമായ പർച്ചേയ്സ് ഓർഡർ കമ്പനിയുമായി ഐ.ടി വകുപ്പ് ഒപ്പ വച്ചിരുന്നു. |
| (ബി) | പ്രസ്തുത കരാറിൽ ഒപ്പിടുന്നതിന് മുമ്പ് തന്നെ കോവിഡ് 19 മായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ ഉള്ളവരുടെയും രോഗികളുടെയും പേരുവിവരങ്ങളും ആരോഗ്യ വിവരങ്ങളും പ്രസ്തുത കമ്പനിക്ക് കൈമാറിയിട്ടുണ്ടോ; | (ബി) | 25.3.2020 മുതൽ ശേഖരിച്ച വിവരസഞ്ചയത്തിന്റെ സുരക്ഷിതത്വം ഒപ്പ് വയ്ക്കപ്പെട്ട പർച്ചേസ് ഓർഡറിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. |
| (സി) | കൈമാറുന്ന ഡേറ്റ സംബന്ധിച്ച നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് പ്രസ്തുത കമ്പനിയുമായി ഒപ്പ് വച്ചത് എന്നാണ്; പ്രതിപക്ഷ നേതാവ് ഇത് സംബന്ധിച്ച് ആക്ഷേപം പുറത്ത് കൊണ്ടുവന്നതിന് ശേഷമാണോ ഈ | (സി) യും (ഡി) യും | ഡാറ്റാ കൈമാറ്റവുമായി ബന്ധപ്പെട്ട നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ്, 25.03.2020 മുതൽ പ്രാബല്യമുള്ള പർച്ചേയ്സ് ഓർഡറിന്റെ ഭാഗമാണ്. |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് ഒപ്പ് വച്ചതെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | കൈമാറുന്ന ഡേറ്റ ഇന്ത്യയിലെ സെർവറുകളിൽ സൂക്ഷിക്കും എന്നത് സംബന്ധിച്ച് രേഖാമൂലമുള്ള ഉറപ്പ് കമ്പനിയിൽ നിന്നും വാങ്ങിയത് ഇത് സംബന്ധിച്ച ആക്ഷേപം വന്നതിന് ശേഷമായിരുന്നോ; | | |
| (ഇ) | സംസ്ഥാനത്തെ സി-ഡിറ്റ് പോലുള്ള സ്ഥാപനങ്ങൾക്ക് ഇത്തരം ഡേറ്റ കൈകാര്യം ചെയ്യുന്നതിന് പരിചയമുള്ളപ്പോൾ അവർക്ക് ചുമതല നൽകാതെ ഒരു അമേരിക്കൻ കമ്പനിക്ക് ഈ കരാർ നൽകിയത് ഏതൊക്കെ തലത്തിലെ ആലോചനക്ക് ശേഷമാണെന്ന് അറിയിക്കാമോ; | (ഇ) | കോവിഡ് രോഗവ്യാപനം രൂക്ഷമാകുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉൾപ്പെടെ ശാസ്ത്രീയ പഠനങ്ങളിലെ മുന്നറിയിപ്പിനെ തുടർന്ന് കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവരവിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരുന്നു. വലിയ അളവിലുള്ള ഈ വിവരങ്ങളുടെ വിശകലനത്തിനും പലയിടത്തു നിന്നായി നിശ്ചിത ഫോർമാറ്റു-കളിലൊന്നുമല്ലാതെ വരുന്ന വിവരങ്ങളിൽ നിന്ന് ആവശ്യമുള്ളവ കണ്ടെത്തുന്നതിനും മികച്ച ഐ.ടി. ടൂളുകളും സംവിധാനവും ആവശ്യമായിരുന്നു. ഇത്തരം സേവനം സൗജന്യമായി ലഭ്യമാക്കാൻ വാഗ്ദാനം ചെയ്തു, ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ള, കമ്പനിയുമായാണ് പർച്ചേസ് ഓർഡറിൽ ഏർപ്പെട്ടത്. |

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാനത്ത് കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് സ്പ്രിംഗ്ലർ കമ്പനിയുടെ സോഫ്റ്റ് വെയർ എപ്രകാരം സഹായകമായെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | കോവിഡിനെ നേരിടാനാവശ്യമായ വിവര ശേഖരണത്തിനും വിവര വിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അനിവാര്യമായിത്തീർന്ന സാഹചര്യത്തിൽ വളരെ വലിയ വിവര ശേഖരങ്ങളുടെയും പല മാർഗ്ഗങ്ങളിലൂടെയായി പല രൂപത്തിലെത്തുന്ന വിവരങ്ങളുടെയും (അൺസ്ട്രക്ചേർഡ് ഡാറ്റാ) വേഗത്തിലുള്ള വിശകലനത്തിനായാണ് സ്പ്രിംക്ലർ എന്ന കമ്പനിയുമായി ഐ.ടി. വകുപ്പ് പർച്ചേസ് ഓർഡർ ഒപ്പിട്ടത്. തുടർന്നുകിട്ടിയ ഡാറ്റകൾ സ്ട്രക്ചേർഡ് ഫോർമാറ്റിൽ ആയതിനാൽ സ്പ്രിംഗ്ലറിന്റെ സേവനം ആവശ്യമായി വന്നില്ല. ആയതിനാൽ, പ്രസ്തുത കമ്പനിയുടെ സേവനം 6 മാസ കാലാവധി അവസാനിച്ച 25.9.2020 മുതൽ തുടരേണ്ടതില്ല എന്നും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ